ന്യൂനപക്ഷ വിഭാഗ ക്ഷേമ പദ്ധതി

330 (1756) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമ പ്രവർത്തനത്തിനുള്ള പദ്ധതിയിൽ സംസ്ഥാനത്ത് എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(സി) പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ഡി) പദ്ധതി പ്രകാരം ഏതെല്ലാം മേഖലകളിലാണ് ധനസഹായം അനുവദിക്കുന്നത് ;

(ഇ) തെരഞ്ഞെടുത്ത പഞ്ചായത്തുകളുടെ സി.പി.ആർ. തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രവർത്തന പുരോഗതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി ഏതെങ്കിലും പ്രത്യേക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ 12-ാം പദ്ധതിയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ബഹുമുഖ വികസന പദ്ധതി (എം.എസ്.ഡി.പി.) തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിലും (MCB) ന്യൂനപക്ഷ കേന്ദ്രീകൃത ടൗണുകളിലുമാണ് നടപ്പാക്കുന്നത്. ഈ പദ്ധതിയിൽ സംസ്ഥാനത്ത് വയനാട് ജില്ലയിലെ 4 ബ്ലോക്കുകളും (കല്പറ്റ, പനമരം, സുൽത്താൻ ബത്തേരി, മാനന്തവാടി) മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണുമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഈ പദ്ധതികൾ ന്യൂനപക്ഷക്ഷേമ വകുപ്പ് നേരിട്ടും അതത് ജില്ലാ കളക്ടറേറ്റ് മുഖേനയുമാണ് നടപ്പിലാക്കിവരുന്നത്. പുനരാവിഷ്കൃത എം.എസ്.ഡി.പി. പ്രകാരം ടി പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജ് ക്ലസ്റ്ററുകളിലേക്കുകൂടി വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നുണ്ട്.

(ബി - ഇ) ബാധകമല്ല.

ന്യൂനപക്ഷ വിഭാഗങ്ങൾക്കായുള്ള വായ്പാ പദ്ധതികളും ധനസഹായ പദ്ധതികളും

331 (1757) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങൾക്കായി സർക്കാരും വിവിധ കോർപ്പറേഷനുകളും നൽകുന്ന വായ്പാ പദ്ധതികളും ധനസഹായ പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly